REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-10-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് 11 വർഷം പൂർത്തിയാക്കി.
- വികസിത് ഭാരത് ലക്ഷ്യം കൈവരിക്കാൻ GDP വളർച്ച എട്ട് ശതമാനം ആവശ്യമാണെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ.
- സാമൂഹിക സുരക്ഷാ രംഗത്തെ നേട്ടത്തിന് അന്താരാഷ്ട്ര സാമൂഹ്യ സുരക്ഷാ അസോസിയേഷന്റെ 2025 ലെ പുരസ്കാരം ഇന്ത്യയ്ക്ക്.
- കാസർകോട് ഉക്കിനടുക്ക ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ നാല് മാസത്തിനകം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്പെഷ്യാലിറ്റി സെന്റർ തുടങ്ങുമെന്ന് മന്ത്രി വീണാ ജോർജ്.
- അഹമ്മദാബാദിൽ ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസം ബാറ്റിംഗ് പുനഃരാരംഭിച്ച ഇന്ത്യ മികച്ച സ്കോറിലേക്ക്.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഇന്ന് 11 വർഷം പൂർത്തിയാക്കി. 2014 ഒക്ടോബർ മൂന്നിന് വിജയദശമി ദിനത്തിലാണ് ആദ്യ മൻ കി ബാത്, ആകാശവാണി പ്രക്ഷേപണം ചെയ്തത്. 126-ാം പതിപ്പ് കഴിഞ്ഞ ഞായറാഴ്ച പ്രക്ഷേപണം ചെയ്തു.**

രാജ്യത്തിന്റെ മുക്കിലും മൂലയിലും എത്തിച്ചേരുന്ന മൻ കി ബാത്, റേഡിയോ പ്രഭാഷണ പരിപാടി എന്നതിനപ്പുറം, സാമൂഹ്യ പരിവർത്തനത്തിന്റെയും, സംസ്കാരത്തിന്റെയും ഭാഗമായിക്കഴിഞ്ഞു. സാമൂഹ്യമാറ്റത്തിനും, ദേശീയ ഐക്യം വളർത്തുന്നതിനും, ജനങ്ങൾക്കും ഗവൺമെന്റിനുമിടയിലെ സംവാദ പരിപാടി എന്ന നിലയിലേക്ക്, അതിന്റെ അർത്ഥതലം ഉയർന്നിരിക്കുകയാണ്. ഗവൺമെന്റ് നയങ്ങൾ ജനജീവിതത്തിലേക്ക് പരിവർത്തനപ്പെടുത്തുക മാത്രമല്ല, ഒരു രാഷ്ട്ര നേതാവിന്റെ ശബ്ദം രാജ്യത്ത് എല്ലായിടത്തും എത്തിക്കുകയെന്ന ചരിത്രപരമായ ദൗത്യം നിറവേറ്റുക കൂടിയാണ് ആകാശവാണിയിലെ മൻ കി ബാത് പരമ്പര.

✪✪✪

രാജ്യം മുഴുവൻ കാതോർക്കുന്ന പുതിയ ആശയങ്ങൾ പ്രധാനമന്ത്രിയിലൂടെ കേൾക്കാൻ സാധിക്കുന്നതായി കൂത്തുപറമ്പിലെ P രാധാകൃഷ്ണൻ പറയുന്നു.

....(വോയ്സ്).......

✪✪✪

വികസിത് ഭാരത്  ലക്ഷ്യം കൈവരിക്കാൻ GDP വളർച്ച എട്ട് ശതമാനം ആവശ്യമാണെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ കൗടില്യ സാമ്പത്തിക കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ആഗോള അസ്ഥിരതയ്ക്കിടയിലും ആഭ്യന്തര വളർച്ച കൈവരിക്കാൻ രാജ്യത്തിനായെന്നും, ആഗോളരംഗത്തെ സാമ്പത്തിക ആഘാതത്തെ ഉൾക്കൊള്ളാൻ രാജ്യത്തിന് ശേഷിയുണ്ടെന്നും നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

✪✪✪

ഇന്ത്യയിലെ ഏറ്റവും വലിയ ക്ഷീരോൽപന്ന നിർമ്മാണ കേന്ദ്രം ആഭ്യന്തരമന്ത്രി അമിത്ഷാ ഇന്ന് നാടിന് സമർപ്പിക്കും. ഹരിയാന റോത്തക്കിലെ സാബർ ഡയറിപ്ലാന്റ് 325 കോടി രൂപ ചെലവിലാണ് പൂർത്തീകരിച്ചത്.

പ്രത്യക്ഷമായും പരോക്ഷമായും 1000 പേർക്ക് തൊഴിൽ നൽകാൻ പുതിയ നിർമ്മാണ കേന്ദ്രത്തിനു കഴിയും.

✪✪✪

**സാമൂഹിക സുരക്ഷാ രംഗത്തെ നേട്ടത്തിന് അന്താരാഷ്ട്ര സാമൂഹ്യ സുരക്ഷാ അസോസിയേഷന്റെ 2025 ലെ പുരസ്കാരം ഇന്ത്യയ്ക്ക് ലഭിച്ചു. ഓരോ പൗരനും സാമൂഹിക ക്ഷേമം ഉറപ്പുവരുത്തുന്നതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ ശ്രമങ്ങൾക്ക് തെളിവാണ് അംഗീകാരമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കഴിഞ്ഞ ദശകത്തിൽ ലോകത്തിലെ ഏറ്റവും വേഗമേറിയ സാമൂഹ്യ സുരക്ഷാ നടപടികളാണ് രാജ്യം സ്വീകരിച്ചതെന്നും അദ്ദേഹം അറിയിച്ചു. 2015 ൽ 19 ശതമാനത്തിൽ നിന്ന് ഇത് 64.3 ശതമാനമായി ഉയർന്നെന്നും മൻസൂഖ് മാണ്ഡവ്യ വ്യക്തമാക്കി.**

✪✪✪

**പുതുതായി നിയമിച്ച തെരഞ്ഞെടുപ്പ് നിരീക്ഷകരുമായി മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെ ഉപതെരഞ്ഞെടുപ്പുകൾക്കുമാണ് പുതിയ നിരീക്ഷകരെ നിയമിച്ചത്.**

✪✪✪

**കരട് ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ നിയമത്തെക്കുറിച്ച് ഗവൺമെന്റ് ജനങ്ങളിൽ നിന്ന് അഭിപ്രായം തേടി. ഈ മാസം 31 നകം ogrules.consultation@meity.gov.in എന്ന e-mail ൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം.**

✪✪✪

**ഛത്തീസ്ഗഡിൽ 23 വനിതകളുൾപ്പെടെ 103 മാവോയിസ്റ്റുകൾ സുരക്ഷാസൈനികർക്ക് കീഴടങ്ങി. ഇതിൽ 49 മാവോയിസ്റ്റുകളുടെ തലയ്ക്ക് ഒരു കോടി ആറ് ലക്ഷം രൂപയിലധികം പ്രതിഫലം പ്രഖ്യാപിച്ചിരുന്നു. വർഷങ്ങളായി വിവിധ മാവോയിസ്റ്റ് സംഘടനകളിൽ പ്രവർത്തിച്ചിരുന്ന ഇവർ, സംസ്ഥാന ഗവൺമെന്റിന്റെ പുനരധിവാസ നയപ്രകാരമാണ് ബീജാപ്പൂർ ജില്ലയിൽ കീഴടങ്ങിയത്.**

✪✪✪

**കാസർകോട് ഉക്കിനടുക്ക ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ നാല് മാസത്തിനകം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്പെഷ്യാലിറ്റി സെന്റർ തുടങ്ങുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു.**

മെഡിക്കൽ കോളേജിലെ MBBS കോഴ്സ് മന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. കാസർകോടിന്റെ ആരോഗ്യ മേഖലയ്ക്ക് ഇത് ചരിത്ര നിമിഷമാണെന്ന് അവർ പറഞ്ഞു.

കാസർകോട്, വയനാട് മെഡിക്കൽ കോളേജുകൾ കൂടി അനുവദിച്ചതോടെ മുഴുവൻ ജില്ലകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളും, നേഴ്സിങ് കോളേജുകളും ആരംഭിച്ച സംസ്ഥാനമായി കേരളം മാറിയെന്നും മന്ത്രി പറഞ്ഞു.

✪✪✪

കാസർകോട് ജില്ലയെ ഇന്ന് ദാരിദ്ര്യ മുക്തമായി മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിക്കും. ഗവൺമെന്റിന്റെ മുൻഗണനാ പദ്ധതിയായ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ ജില്ലയിലെ 40 തദ്ദേശ സ്ഥാപനങ്ങളേയും ദാരിദ്ര്യ മുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

വനം വന്യജീവി വാരാഘോഷം സംസ്ഥാനതല പരിപാടി കോഴിക്കോട് ചേളന്നൂർ SN കോളേജിൽ മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വനം വകുപ്പ് ജനങ്ങളിലേക്ക് ഇറങ്ങി വരികയാണെന്ന് മന്ത്രി പറഞ്ഞു. മാനവരാശിയുടെ നിലനില്പിന് വനവും വന്യജീവികളും വേണം. മനുഷ്യൻ വനങ്ങളെ സംരക്ഷിക്കുമ്പോൾ വനങ്ങൾ കാലാവസ്ഥ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ സമഗ്രാന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. അറ്റകുറ്റപണിയ്ക്ക് എത്തിക്കുന്നതിനുമുമ്പു തന്നെ സ്വർണം നഷ്ടപ്പെട്ടതായി സതീശൻ പറഞ്ഞു. നിയമവിരുദ്ധമായി സ്വർണപ്പാളി പുറത്തുകൊണ്ടുപോകാൻ തീരുമാനിച്ചത് ആരാണെന്ന് ഗവൺമെന്റ് വ്യക്തമാക്കണമെന്നും, അയ്യപ്പനു പോലും സംരക്ഷണം കൊടുക്കേണ്ട ഗതികേടാണ് സംസ്ഥാനത്തിനെന്നും സതീശൻ മാധ്യമങ്ങളോടു പറഞ്ഞു.

വിവാദത്തിൽ പങ്കാളിയായ ഉണ്ണിക്കൃഷ്ണൻ പോറ്റി ആരാണെന്ന് ഗവൺമെന്റ് വ്യക്തമാക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ഇയാളുടെ മറവിൽ ശബരിമലയിലെ സ്വർണം മോഷ്ടിച്ചത് ആരാണെന്ന് അന്വേഷിച്ച് കണ്ടെത്തി ഉത്തരവാദികൾക്കെതിരെ ശക്തമായ

നടപടിയെടുക്കണമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് രാജിവെക്കണമെന്നും V.D സതീശൻ ആവശ്യപ്പെട്ടു.

✪✪✪

ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളി കാണാതായ സംഭവത്തിൽ ദേവസ്വം ബോർഡ് ജീവനക്കാരിൽ കുറ്റം ചുമത്തി ഗവൺമെന്റും ദേവസ്വം ബോർഡ് പ്രസിഡന്റും ഒഴിഞ്ഞു മാറുകയാണെന്ന് മുൻകേന്ദ്രസഹമന്ത്രി V മുരളീധരൻ കുറ്റപ്പെടുത്തി. ദേവസ്വം ബോർഡിനും ഗവൺമെന്റിനും ഇതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ കഴിയില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. സംഭവത്തിൽ അന്വേഷണം കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ എന്നും മുരളീധരൻ ചോദിച്ചു.

✪✪✪

ശബരിമലയെ ദുരുപയോഗം ചെയ്യാൻ ആരെയും അനുവദിക്കില്ലെന്ന് CPIM കേന്ദ്രകമ്മിറ്റിയംഗം EP ജയരാജൻ വ്യക്തമാക്കി. സ്വർണപ്പാളിയുമായി ബന്ധപ്പെട്ട വിഷയത്തിൽ കുറ്റക്കാർക്കെതിരെ ഗവൺമെന്റ് കർശന നടപടിയെടുക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

രാഷ്ട്രഹിതത്തിനായാണ് RSS സ്ഥാപിതമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ പറഞ്ഞു. RSS ന്റെ ശതാബ്ദി ആഘോഷത്തോട് ബന്ധപ്പെട്ട ചിന്തകൾ പങ്കുവെയ്ക്കുകയായിരുന്നു പ്രധാനമന്ത്രി.

പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പരിഭാഷ.

....(വോയ്സ്)....

✪✪✪

ചലച്ചിത്ര ലോകത്തെ സമഗ്ര സംഭാവനക്ക് ദാദാ സാഹിബ് ഫാൽകെ പുരസ്കാരം നേടിയ മോഹൻലാലിനെ നാളെ തിരുവനന്തപുരത്ത് സംസ്ഥാന ഗവൺമെന്റ് ആദരിക്കും. 'മലയാളം വാനോളം, ലാൽസലാം' എന്ന ചടങ്ങ് സെൻട്രൽ സ്റ്റേഡിയത്തിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ ലാലിനെ ചടങ്ങിൽ ആദരിക്കും.

✪✪✪

**ഇന്ന് ലോക പുഞ്ചിരിദിനം. ഒക്ടോബർ മാസത്തിലെ ആദ്യ വെള്ളിയാഴ്ചയാണ് പുഞ്ചിരിദിനമായി ആഘോഷിക്കുന്നത്.**

✪✪✪

**അഹമ്മദാബാദിൽ ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസം ബാറ്റിംഗ് പുനഃരാരംഭിച്ച ഇന്ത്യ മികച്ച സ്കോറിലേക്ക്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ നാല് വിക്കറ്റിന് 226 റൺസെടുത്തു. വെസ്റ്റ് ഇൻഡീസിന്റെ ആദ്യ ഇന്നിംഗ്സ് 162 റൺസിന് അവസാനിച്ചിരുന്നു.**

**അര സെഞ്ച്വറി പൂർത്തിയാക്കിയ ശുഭ്മാൻ ഗില്ലിന്റെ വിക്കറ്റാണ് ഇന്ത്യയ്ക്ക് ഇന്ന് നഷ്ടമായത്. KL രാഹുലും, ധ്രുവചന്ദ്ര് ജുറേലുമാണ് ക്രീസിൽ. രണ്ടിന് 121 എന്ന നിലയിലാണ് രണ്ടാം ദിവസമായ ഇന്ന് ഇന്ത്യ ആദ്യ ഇന്നിംഗ്സ് പുനഃരാരംഭിച്ചത്.**

✪✪✪

**അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന ഒരു കുട്ടി കൂടി രോഗം ഭേദമായി ആശുപത്രി വിട്ടു നിലവിൽ രണ്ട് കുട്ടികളാണ് ചികിൽസയിൽ തുടരുന്നത്. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ പറഞ്ഞു**

✪✪✪

**സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, തൃശൂർ മാജിക് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.**

✪✪✪

**2025 നാഷണൽ സീനിയർ ചെസ്സ് ചാമ്പ്യൻഷിപ്പിൽ - തിരുവനന്തപുരത്തിന്റെ ഗൗതം കൃഷ്ണ രണ്ടാം സ്ഥാനത്തെത്തി. തമിഴ്നാടിന്റ ഇനിയൻ PA ആണ് ചാമ്പ്യൻ.**

✪✪✪

**തിരുവനന്തപുരം ചാക്കയിൽ രണ്ടു വയസ്സുകാരിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച കേസിൽ പ്രതി ഹസ്സൻകുട്ടിക്ക് 67 വർഷം തടവ്. പ്രതി കുറ്റക്കാരനാണെന്ന് തിരുവനന്തപുരം പോക്സോ കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. ഇതര സംസ്ഥാനക്കാരായ മാതാപിതാക്കൾക്കൊപ്പം റോഡരികിൽ കിടന്നുറങ്ങുകയായിരുന്ന**

കുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിക്കുകയും, പിന്നീട് ഉപേക്ഷിക്കുകയുമായിരുന്നു.

✪✪✪

ആകാശ എയർ കമ്പനിയുടെ മുംബൈ - കോഴിക്കോട് സർവീസിന് തുടക്കമായി. മുംബൈയിൽ നിന്ന് വൈകിട്ട് 7.20 ന് ആദ്യ സർവീസ് കരിപ്പൂരിലെത്തി. വൈകീട്ട് 7.55 ന് മടക്കയാത്ര ആരംഭിച്ചു.

✪✪✪

BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മറ്റിയുടെ സമ്പൂർണ്ണ യോഗം ഉച്ചയ്ക്ക് മാരാർജി ഭവനിൽ സംസ്ഥാന ജനറൽ സെക്രട്ടറി S. സുരേഷ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന - ജില്ലാ ഭാരവാഹികളും കമ്മറ്റി അംഗങ്ങളും ഉൾപ്പെടെ നേതാക്കൾ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളജുകളിലും KGM CTA യുടെ നേതൃത്വത്തിൽ വൈകിട്ട് മെഴുകുതിരി പ്രതിഷേധ പ്രകടനം നടത്തുമെന്ന് സംഘടന അറിയിച്ചു. ശമ്പള കുടിശിക, എൻട്രി കേഡറിലെ ശമ്പളക്കുറവ്, അനാവശ്യ സ്ഥലം മാറ്റൽ എന്നിവയ്ക്കെതിരെ നടത്തിവരുന്ന സമരത്തിന്റെ ഭാഗമായാണ് മെഴുകുതിരി കത്തിച്ച് പ്രതിഷേധം സംഘടിപ്പിക്കുന്നത്.

✪✪✪

---

.

*News Editor വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ,*
*NRTs : അനിൽ ചന്ദ്രൻ*
*DEO : ഷീബ*